**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2550** **05/11/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണത്തിൽ പ്രാഥമിക സഹകരണ ബാങ്കുകളുടെ റോൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരിക്കുമ്പോൾ പ്രാഥമിക സഹകരണ ബാങ്കുകളുടെ റോൾ എന്തായിരിക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേരള ബാങ്കിന്റെ ഭരണ നിയന്ത്രണത്തിലും നയരൂപീകരണത്തിലും അംഗങ്ങൾ എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകളുടെ പങ്ക് വളരെ വലുതാണ്. കേരള ബാങ്കിന്റെ സഹായത്തോടെ ആധുനിക ബാങ്കിംഗ് സേവനങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളുടെ ഇടപാടുകാർക്കും നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഇതുവഴി എന്തെങ്കിലും നേട്ടങ്ങളുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (ബി) | കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പകൾ നൽകാനും കൂടാതെ ഡിജിറ്റൽ ബാങ്കിംഗ് സേവനം അടക്കമുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ ചുരുങ്ങിയ ചെലവിൽ പ്രാഥമിക സഹകരണ ബാങ്കുകളുടെ ഇടപാടുകാർക്കും നൽകാനും കഴിയുന്നതാണ്. |
| (സി) | മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിക്കാൻ സമ്മതം നൽകിയിട്ടുണ്ടോ; പ്രസ്തുത ബാങ്കിലെ ജീവനക്കാരുടെ ഇക്കാര്യത്തിലുള്ള നിലപാട് എന്താണ്; കേരള ബാങ്കിൽ ലയിക്കാത്ത പക്ഷം പ്രസ്തുത ബാങ്കിന്റെ ഭാവി പ്രവർത്തനത്തെ അത് ദോഷകരമായി ബാധിക്കുമോയെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കുവാൻ പ്രമേയം പാസാക്കിയിട്ടില്ല.<br>പ്രസ്തുത ബാങ്കിലെ ജീവനക്കാർ കേരള ബാങ്കിന്റെ ഭാഗമാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.<br>ബാങ്കിന്റെ ഭാവി സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**